Jagratha 056

Vol-2, Issue:22
04-07- 2008

*Kerala Catholic Bishops' Council's*

## Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

*പ്രധാന വാർത്തകൾ*

*01. പ്രത്യയ ശാസ്ത്ര കാപട്യത്തിൽ നിന്ന് മക്കളെ രക്ഷിക്കുക: കർദിനാൾ മാർ വർക്കി വിതയത്തിൽ*
*02. അക്രമസ്വഭാവമുള്ള വിദ്യാർത്ഥി സംഘടനകളെ സംസ്ഥാന സർക്കാർ നിയന്ത്രിക്കണം*
*03. ഒറീസ്സയിൽ ക്രൈസ്തവരെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കണം*
*04. എയ്ഡഡ് സ്കൂളിലെ അധ്യാപകനിയമന നിയന്ത്രണം പുനഃപരിശോധിക്കണം.*
*05. മാർ പൗവ്വത്തിലിനെ പഠിപ്പിക്കാൻ എസ്.എഫ്.ഐക്ക് എന്ത് യോഗ്യത?*

## 01. പ്രത്യയ ശാസ്ത്ര കാപട്യത്തിൽ നിന്ന് മക്കളെ രക്ഷിക്കുക : കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ

(ദീപിക 30-06-2008)

മക്കളെ പ്രത്യയ ശാസ്ത്ര കാപട്യത്തിൽ നിന്നു രക്ഷിച്ച് സ്വാതന്ത്ര്യത്തിലും ഈശ്വര വിശ്വാസത്തിലും വളർത്താനുള്ള ഗൗരവമായ ഉത്തരവാദിത്വം നിറവേറ്റാൻ എല്ലാവരും ബാധ്യസ്ഥരാണെന്ന് ഭാരത കത്തോലിക്ക മെത്രാൻ സമിതി (സി.ബി. സി. ഐ) പ്രസിഡന്റും സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പുമായ കർദിനാൾ മാർ വർക്കി വിതയത്തിൽ പ്രസ്താവിച്ചു. വിവാദ പാഠപുസ്തകവുമായി ബന്ധപ്പെട്ട് എറണാകുളം - അങ്കമാലി അതിരൂപതയിലെ പള്ളികളിൽ വായിച്ച ഇടയലേഖനത്തിലാണ് കർദിനാൾ സമീപകാല വിദ്യാഭ്യാസ പ്രതിസന്ധിയെക്കുറിച്ചു ഇങ്ങനെ അഭിപ്രായപ്പെട്ടത്. കേരളം ഭരിക്കുന്ന ഇടതുപക്ഷ സർക്കാർ നിലവിൽവന്ന നാൾ മുതൽ വിദ്യാഭ്യാസ മേഖലയിൽ അസ്വസ്ഥതകൾ ഏറി വരികയാണ്. സർക്കാരിന്റെ അനാവശ്യമായ ഇടപെടലുകളും ജനാധിപത്യമൂല്യങ്ങൾക്ക് നിരക്കാത്ത നിയന്ത്രണങ്ങളും ഭരണഘടന ഉറപ്പു നൽകിയിട്ടുള്ള ന്യൂനപക്ഷാവകാശങ്ങളുടെ ലംഘനങ്ങളും വിദ്യാഭ്യാസ മേഖലയെ ഇന്നു വലിയൊരു പ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണ്.

വിദ്യാർഥികളെ മാത്രമല്ല രക്ഷകർത്താക്കളെയും ഇതു വിഷമത്തിലാക്കിയിരിക്കുകയാണ്. പുതിയ പാഠപുസ്തകങ്ങളെക്കുറിച്ചുള്ള വിവാദം ഏറെ കോളിളക്കങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞു. സ്കൂൾ വിദ്യാർഥികളുടെ ഇളം മനസുകളിൽ ഈശ്വര നിഷേധത്തിന്റെയും അക്രമവാസനയുടെയും വിഷവിത്തുകൾ വിതയ്ക്കുന്നതിന് പുതിയ പാഠപുസ്തകങ്ങളിൽ ചിലത് കാരണമാകുമെന്നാണ് എല്ലാവരുടെയും ആശങ്ക. ചരിത്ര സത്യങ്ങളെയും പാരമ്പര്യങ്ങളെയും ഉടച്ചുവാർത്ത് കുട്ടികളെ കമ്യൂണിസ്റ്റ് ചിന്താഗതിക്കാരും മതനിഷേധികളുമാക്കുക എന്ന ഗൂഢതന്ത്രം കൗശല ബുദ്ധിയോടെ ആവിഷ്കരിച്ചിരിക്കുകയാണ്. ചുരുക്കമായി നടക്കുന്ന മിശ്രവിവാഹത്തെ സാമാന്യവത്കരിച്ച് മതത്തിന്റെ പ്രാധാന്യത്തെയും പ്രസക്തിയെയും പുസ്തകത്തിൽ ചോദ്യം ചെയ്യുന്നുണ്ട്. മഹാത്മാഗാന്ധിയെക്കുറിച്ചുള്ള പാഠപുസ്തക വീക്ഷണം വികലമാണ്.സ്വാതന്ത്ര്യ സമരത്തിലെ വിപ്ലവകാരികളെയും സായുധ സമരക്കാരെയും ഉയർത്തിക്കാട്ടാനാണ് ശ്രമം. വിമോചന സമരത്തെ വ്യാജ വാറ്റിനെതിരെയുള്ള സമരമായി ചിത്രീകരിക്കാനും ശ്രമം നടന്നിട്ടുണ്ട്. പിഞ്ചു മനസുകളിൽ മാർക്സിസ്റ്റ് ആശയങ്ങൾ കുത്തിവയ്ക്കാൻ നടത്തുന്ന തന്ത്രപരവും അപകടകരവുമായ നീക്കങ്ങൾ പാഠപുസ്തകത്തിൽ പകൽപോലെ വ്യക്തമാണ്. മനുഷ്യന്റെ സ്വാതന്ത്ര്യവും മതമൗലികാവകാശങ്ങളും സംരക്ഷിക്കുന്ന ആധുനിക ജനാധിപത്യത്തിൽ ഏറ്റവും വലിയ ശത്രു കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രമാണെന്ന് പണ്ഡിതന്മാർ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. പക്ഷെ കമ്യൂണിസ്റ്റുകാരും ഇപ്പോൾ ജനാധിപത്യത്തെക്കുറിച്ചു പറയുന്നു.

എന്നാൽ അത് ഏക പാർട്ടിയുടെ ആധിപത്യവും മനുഷ്യ സ്വാതന്ത്ര്യത്തെ അംഗീകരിക്കാതെ, വിമർശിക്കുന്നവരെ ഇല്ലായ്മ ചെയ്യുന്ന സ്റ്റാലിൻ, മാവോ, പോൾ പോട്ട് തുടങ്ങിയവരിലൂടെ കണ്ട ഭീകരമായ ഏകാധിപത്യമാണെന്നും നാം മനസിലാക്കണം. കമ്യൂണിസ്റ്റു പാർട്ടികൾ പറയുന്ന മതേതരത്വമല്ല ഇന്ത്യൻ ഭരണ ഘടന ഉറപ്പു നൽകുന്ന മതേതരത്വം. ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥിതിയിൽ എല്ലാ മതങ്ങളെയും ആദരിക്കണം. മതമില്ലാതെ ജീവിക്കാനും ഇവിടെ സ്വാതന്ത്ര്യ മുണ്ട്. രാഷ്ട്രത്തിന് പ്രത്യേക മതമില്ല. മതവിരോധവുമില്ല. എന്നാൽ കമ്യൂണിസത്തിൽ മതനിരപേക്ഷതയ്ക്ക് മതനിരാസം, ഈശ്വര നിഷേധം എന്നാണർത്ഥം. പാഠപുസ്തകങ്ങളിലൂടെ ഈ നിരീശ്വര ഭൗതീകവാദം പ്രചരിപ്പിക്കാനാണ് ശ്രമം. കമ്യൂണിസം അന്ധവിശ്വാസങ്ങളെക്കുറിച്ചു പറയുമ്പോൾ അവർക്ക് എല്ലാ വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളാണ്. ദൈവം തന്നെ യുക്തി രഹിതമായ പാരമ്പര്യത്തിന്റെ ഭാഗമാണെന്ന സൂചന ഒരു പാഠത്തിലുണ്ട്. വ്യക്തികൾക്കും സമൂഹത്തിനും വിമർശനാവബോധം നൽകുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് അധ്യാപകർക്കായുള്ള ബോധനഭാഗത്തിൽ പറയുന്നു. മതനിഷേധികളെ വളർത്തുക എന്നതാണ് ഇതിന്റെ ഗൂഢലക്ഷ്യം. പക്ഷേ വിമർശനം വച്ചു പുലർത്തുന്നവരെ പാർട്ടിക്കകത്ത് എങ്ങനെയാണ് നേരിടേണ്ടത് എന്നതിന് നമുക്കു ധാരാളം സാക്ഷ്യങ്ങളുണ്ട്. വിപ്ലവകാരികളെ സൃക്ഷ്ടിക്കാൻ ഉദ്ധരിക്കുന്ന കവികളും ചിന്തകരും വിമർശനത്തിന്റെ സ്വരം പാർട്ടിയിൽ ഉയർത്തിയാൽ ഫലമെന്താകുമെന്ന് എല്ലാവർക്കുമറിയാം.

മനുഷ്യന്റെ സ്വാന്ത്ര്യത്തിനുതന്നെ ഭീഷണിയുയർത്തുന്നതാണ് കമ്യുണിസമെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ പിടിയിലായ രാജ്യങ്ങൾ ഒന്നൊന്നായി ജനാധിപത്യത്തിലേക്ക് തിരിച്ചുവന്ന ലോക ക്രമത്തിലാണ് നാം ജീവിക്കുന്നത്. സ്വതന്ത്ര ചിന്തയ്ക്കും മനസാക്ഷി സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും ഭീഷണിയായി കുട്ടികളുടെ മനസുകളെ പ്രക്ഷാളനത്തിന് ഇരയാക്കുകയെന്നത് അനുവദിക്കാനാവില്ല. കേരളത്തിലെ ക്രൈസ്തവർ മാത്രമല്ല മറ്റുമതവിശ്വാസികളും സമുദായങ്ങളും ഈ അപകടം തിരിച്ചറിയുന്നുണ്ട്. വിവാദ പുസ്തകങ്ങൾ പിൻവലിക്കണമെന്നും അവ പഠിപ്പിക്കരുതെന്നുമുള്ള പ്രതികരണങ്ങൾ ഉയർന്നു കഴിഞ്ഞു. വിവാദ പാഠപുസ്തകം സംബന്ധിച്ച് കെ.സി.ബി.സിയുടെ നിർദേശനുസരണം പ്രതിഷേധ ദിനാചരണം ഇടവകകളിലും സ്ഥാപനങ്ങളിലും നടത്തണമെന്നും പ്രത്യേകിച്ചു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതു സംബന്ധിച്ചു ആവശ്യമായ അവബോധം നൽകുന്നതിനുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്യണമെന്നും കർദിനാൾ അനുയായികളെ ഉദ്ബോധിപ്പിച്ചു.

## 02. അക്രമ സ്വഭാവമുള്ള വിദ്യാർത്ഥിസംഘടനകളെ സംസ്ഥാന സർക്കാർ നിയന്ത്രിക്കണം :

**ഐക്യ-ജാഗ്രതാ കമ്മീഷൻ** (26-06-2008)

അക്രമസ്വഭാവമുള്ള വിദ്യാർത്ഥി സംഘടനകളെ നിയന്ത്രിക്കുവാൻ സംസ്ഥാനസർക്കാർ തയ്യാറാവണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽആവശ്യപ്പെട്ടു. നക്സലേറ്റ് സമാനമായ അക്രമ ശൈലിയാണ് ഇന്ന് വിദ്യാർത്ഥി സംഘടനകൾ സ്വീകരിച്ചിരിക്കുന്നത്. അക്രമസ്വഭാവമുള്ള വിദ്യാർത്ഥി സംഘടനകളെ നിയന്ത്രിക്കുന്നതിൽ സംസ്ഥാനസർക്കാർ തികച്ചും പരാജയപ്പെട്ടിരിക്കുകയാണ്. വിദ്യാർത്ഥി സംഘടനകൾ അവരുടെ യഥാർത്ഥ ലക്ഷ്യം മറന്ന് അക്രമസംഘടനകളായി മാറിക്കൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ തേടിപ്പിടിച്ച് ആക്രമിക്കുകയും ന്യൂനപക്ഷ സ്ഥാപനങ്ങളെയും സ്വത്തുക്കളെയും നശിപ്പിക്കുന്ന പ്രവണത വിദ്യാർത്ഥി സംഘടനകൾക്കിടയിൽ വർദ്ധിച്ചുവരികയാണ് -കമ്മീഷൻ സെക്രട്ടറി പറഞ്ഞു. തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിൽ ആരംഭിച്ച വിദ്യാർത്ഥി സംഘടനകളുടെ അക്രമം മറ്റു ഭാഗത്തേക്ക് നീങ്ങുന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് അക്രമാസക്തരായ വിദ്യാർത്ഥികൾ തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അതിക്രമിച്ചു കയറി ഓഫീസും മറ്റും തല്ലിതകർത്തത്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെയുള്ള ആക്രമണത്തെ ആഭ്യന്തരമന്ത്രി അപലപിക്കുകയോ അവർക്കെതിരെ നടപടി സ്വീകിക്കുകയോ ചെയ്തിട്ടില്ല. മത ന്യൂനപക്ഷ വിദ്യാലയങ്ങളെ തേടിപ്പിടിച്ച് ആക്രമിക്കുവാൻ ഭരണാധികാരികൾ മൗനാനുവാദം നൽകുന്നില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തെറ്റായ സാമൂഹ്യ നീതിയുടെയും സുതാര്യതയുടെയും മറവിൽ മതന്യൂനപക്ഷ സ്ഥാപനങ്ങൾ വളരെയധികം പീഢിപ്പിക്കപ്പെടുകയാണ്.

ന്യൂനപക്ഷസ്ഥാപനത്തിനും സ്വത്തിനും സംരക്ഷണം നൽകേണ്ട സംസ്ഥാന സർക്കാർ അക്രമികൾക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളെ തിരഞ്ഞു പിടിച്ച് ആക്രമിക്കുന്ന വിദ്യാർത്ഥി സംഘടനകൾ മനസ്സിലാക്കണം, മതന്യൂനപക്ഷത്തിന്റെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഈടാക്കുന്ന ഫീസ് സർക്കാരുമായി ധാരണയിലെത്തിയ സ്ഥാപനങ്ങളിലെ ഫീസിനേക്കാൾ വളരെയധികം കുറവാണ് എന്ന വസ്തുത. വിദ്യാർത്ഥി സംഘടനകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആക്രമിക്കുന്നത് അവസാനിപ്പിച്ചില്ലെങ്കിൽ ആക്രമത്തിന് ആഹ്വാനം ചെയ്യുന്ന സംഘടനാനേതാക്കളുടെ പേരിലും സംരക്ഷണം നൽകുവാൻ ഉത്തരവാദിത്വപ്പെട്ട ഭരണകർത്താക്കളുടെ പേരിലും നഷ്ടപരിഹാരം ആവശ്യപ്പെട്ട് കോടതിയെ സമീപിക്കുവാൻ ന്യൂനപക്ഷങ്ങൾ നിർബന്ധിതരാകും. കത്തോലിക്കാ സഭയുടെ സ്ഥാപനങ്ങൾ ഒരു വ്യക്തിയുടേതല്ല: മറിച്ച് സഭാവിശ്വാസികളും സമാനചിന്താഗതിക്കാരും ചേർന്ന് കെട്ടിപ്പടുത്തതാണ്. ഈ സ്ഥാപനങ്ങൾക്കും സ്വത്തുക്കൾക്കും അർഹമായ സംരക്ഷണം നൽകാൻ സംസ്ഥാന സർക്കാർ പരാജയപ്പെട്ടാൽ ഇതിന്റെ സംരക്ഷണ ചുമതല വിശ്വാസികൾ ഏറ്റെടുക്കേണ്ടിവരും. കഷ്ടപ്പെട്ട് പൊതുനന്മയ്ക്കുവേണ്ടി പടുത്തുയർത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടിച്ചു പൊളിക്കുമ്പോൾ രണ്ടുകയ്യും കെട്ടി നോക്കിനിൽക്കുവാൻ സാധ്യമല്ല- കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു.

കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങൾ നൽകിയ സംഭാവനകൾ ആർക്കും വിസ്മരിക്കാനാവില്ലായെന്ന സത്യം ന്യൂനപക്ഷങ്ങളെ തേടിപ്പിടിച്ച് ആക്രമിക്കുന്ന വിദ്യാർത്ഥി സംഘടനകൾ മറക്കരുത്. അക്രമാസക്തരായ വിദ്യാർത്ഥികളെ നിയന്ത്രിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം എല്ലാ മാതാപിതാക്കളിലും നിക്ഷിപ്തമാണ്. ആ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുന്നത് സമൂഹത്തോട് അവർ ചെയ്യുന്ന ക്രൂരതയാണ്. മക്കൾ നശിപ്പിക്കുന്ന പൊതുസ്വത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം മാതാപിതാക്കളിൽ നിക്ഷിപ്തമാണ്. ഒന്നോ രണ്ടോ വിദ്യാർത്ഥികളെ രാഷ്ട്രീയ നേതാക്കളാക്കി മാറ്റുവാൻ വേണ്ടി മറ്റ് മുഴുവൻ വിദ്യാർത്ഥികളുടെയും ഭാവി പന്താടുന്നത് ക്രൂരതയാണ്. തെരുവിലിറങ്ങുന്ന വിദ്യാർത്ഥികൾ ചിന്തിക്കണം അവരെ തെരുവിലിറക്കുന്ന നേതാക്കളുടെ മക്കൾ എവിടെ പഠിക്കുന്നുവെന്ന സത്യം. അക്രമങ്ങൾ നടത്തുമ്പോൾ, പ്രിയ വിദ്യാർത്ഥി - സംഘടനകളെ; "നിങ്ങൾ ചിന്തിക്കണം നിങ്ങളുടെ മാതാപിതാക്കളുടെ ദുഃഖങ്ങൾ, ഭരണകർത്താക്കളുടെ സന്തോഷം, സ്വയം തകർക്കപ്പെടുന്ന നിങ്ങളുടെ ഭാവി"- കമ്മീഷൻ സെക്രട്ടറി പറഞ്ഞു.

## 03. ഒറീസ്സയിൽ ക്രൈസ്തവരെ പീഡിപ്പിക്കുന്നത് അവസാനിപ്പിക്കണം - കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ (27-06-2008)

ഒറീസ്സയിലെ കാൻഡമാൽ ജില്ലയിൽ അക്രമികളുടെ താണ്ഡവത്തിനിരയായ ക്രൈസ്തവരെ പുനഃരധിവസിപ്പിക്കുന്നതിനിടയിൽ സംഘപരിവാർ നടത്തിയ ആക്രമണത്തിനെതിരെ കെ. സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ശക്തമായി പ്രതിഷേധിച്ചു. കഴിഞ്ഞ ക്രിസ്മസ് നാളിൽ അരങ്ങേറിയ അതികിരാതമായ ക്രൈസ്തവപീഡനവുമായി ഇപ്പോഴത്തെ ആക്രമണമത്തിന് ബന്ധമുള്ളതായി കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആരോപിച്ചു. അക്രമത്തിനിരയായവരെ വീണ്ടും ആക്രമിക്കുകയും ബലമായി കുടിയൊഴിപ്പിക്കുകയും ചെയ്യുന്നത് അംഗീകരിക്കാനാവില്ല. കഴിഞ്ഞ ക്രിസ്മസ് നാളിൽ ഒറീസയിലെ മിഷണറിമാർക്കും ക്രൈസ്തവർക്കുമെതിരെ സംഘപരിവാർ നടത്തിയ ആക്രമണം ഭാരതത്തിന്റെ മതേതരത്വത്തിനും മതമൈത്രിക്കും ഏറ്റ കനത്ത പ്രഹരമായിരുന്നു. നൂറ്റാണ്ടുകളായി മറ്റു രാജ്യങ്ങൾക്കുപോലും മാതൃകയായിരുന്ന ഭാരതത്തിന്റെ മതസഹിഷ്ണുതയ്ക്കും മതസാഹോദര്യത്തിനും ഒറീസാ സംഭവം മങ്ങലേൽപ്പിച്ചു.

ഒറീസയിൽ വീണ്ടും ക്രൈസ്തവർ ആക്രമിക്കപ്പെടുന്നത് തികച്ചും ഉൽകണ്ഠാജനകമാണ്. അക്രമത്തിനിരയായവരെ ബലമായി കുടിയൊഴിപ്പിച്ചതിനെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുവാനും ക്രൈസ്തവവിശ്വാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും വീടും സ്വത്തും നഷ്ടമായവരെ പുനഃരധിവസിപ്പിക്കുവാനും ഒറീസാ സർക്കാർ തയ്യാറാവണം - കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടു. ക്രിസ്ത്യാനികളെ ആക്രമിച്ച് ഇല്ലായ്മ ചെയ്യുവാനുള്ള സംഘപരിവാറിന്റെ ഗൂഢതന്ത്രങ്ങളെ ക്രിസ്തീയ ചൈതന്യമുപയോഗിച്ച് നേരിടണമെന്ന് കമ്മീഷൻ സെക്രട്ടറി ആഹ്വാനം ചെയ്തു.

### 04. എയ്ഡഡ് സ്ക്കൂളുകളിലെ അധ്യാപക നിയമന നിയന്ത്രണം പുനഃപരിശോധിക്കണം:

**കെ.സി.ബി.സി ഐക്യ- ജാഗ്രതാ കമ്മീഷൻ** (28-06-2008)

എയ്ഡഡ് സ്ക്കൂളുകളിലെ അധ്യാപകരെ നിയമിക്കുന്നതിനുള്ള മാനേജ്മെന്റിന്റെ അധികാരത്തിൽ വിദ്യാഭ്യാസ വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തിയ നടപടി പുനഃപരിശോധിക്കണമെന്ന് കെ. സി.ബി.സി ഐക്യ- ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു. വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന നിയമന നിയന്ത്രണം പതിനായിരക്കണക്കിന് അധ്യാപകരെ ദിവസക്കൂലിക്കാരാക്കി മാറ്റിയിരിക്കുകയാണ്. 87 -88 വർഷത്തേക്കാൾ വിദ്യാഭ്യാസ വകുപ്പിൽ 23,000 തസ്തികകൾ വിവിധ കാരണങ്ങളാൽ കുറഞ്ഞു. എൺപതുകളിൽ റവന്യു ചെലവിന്റെ 40% വിദ്യാഭ്യാസ വകുപ്പിന് നൽകിയിരുന്നെങ്കിൽ അതിപ്പോൾ 33% മാത്രമാണുള്ളത്. എന്നിട്ടും എയ്ഡഡ് സ്ക്കൂൾ അധ്യാപകരെ ദ്രോഹിക്കുകയും പി.എസ്.സി മുഖേനയുള്ള നിയമനം നിഷേധിച്ച് ആയിരക്കണക്കിന് തസ്തികകളിൽ ദിവസക്കൂലി വ്യവസ്ഥയിൽ ജോലി ചെയ്യിക്കുകയുമാണ് തൊഴിലാളി പ്രേമം നടിക്കുന്ന സംസ്ഥാന സർക്കാർ ചെയ്യുന്നത്.

സമൂഹത്തിലെ പാവപ്പെട്ടവരുടെ മക്കളാണ് ഗവൺമെന്റ് സ്ക്കൂളുകളിലും എയ്ഡഡ് സ്ക്കുളുകളിലും പഠിക്കുന്നത്. അവരെ പഠിപ്പിക്കുന്ന അധ്യാപകർക്കാണ് സംസ്ഥാന സർക്കാർ അർഹമായ നീതി നിഷേധിച്ചിരിക്കുന്നത്. അർഹമായ നീതി നിഷേധിക്കുമ്പോൾ തീർച്ചയായും അതൃപ്തിയുണ്ടാവുകയും ആത്മാർത്ഥത കുറയുവാൻ കാരണമാവുകയും ചെയ്യും. അതുകൊണ്ട് എയ്ഡഡ് സ്ക്കുളുകളിലെ അധ്യാപകരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കണമെന്ന നിർദ്ദേശം വിദ്യാഭ്യാസ വകുപ്പ് പുനഃപരിശോധിക്കണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷനു വേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭ്യർത്ഥിച്ചു.

### 05. മാർ പൗവ്വത്തിലിനെ പഠിപ്പിക്കാൻ എസ്.എഫ്.ഐക്ക് എന്ത് യോഗ്യത? :

**ഐക്യ-ജാഗ്രതാ കമ്മീഷൻ** (01-07-2008)

മാർ പൗവ്വത്തിൽ ക്രിസ്തീയ ദർശനങ്ങൾ പഠിക്കണമെന്ന് പറയാൻ എസ്.എഫ്.ഐക്ക് എന്തു യോഗ്യതയാണുള്ളതെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി. ക്രിസ്തീയ ദർശനങ്ങളെക്കുറിച്ച് മാർ ജോസഫ് പൗവ്വത്തിലിന് ഒന്നുമറിയില്ലെന്ന് എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി എ.എൻ ഷംസിന്റെ പ്രസ്താവനയോട് പ്രതികരിക്കുകയായിരുന്നു ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ. കേരളത്തെ ഭ്രാന്താലയമാക്കാൻ ആരാണ് ശ്രമിക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യപ്പെട്ടു വരികയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മാർ പൗവ്വത്തിലിനെ വിമർശിക്കുന്നത് യാഥാർത്ഥ്യം മനസ്സിലാക്കാത്തവരാണ്. വിദ്യാഭ്യാസ മേഖലയിൽ അദ്ദേഹത്തിന്റെ നിലപാടുകൾ വളരെ ശരിയാണ്. പിതാവിന്റെ ദർശനങ്ങളും ഉൾക്കാഴ്ചകളും കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് വളരെ ഗുണം ചെയ്തിട്ടുണ്ട്.

വിവാദപാഠപുസ്തകം പിൻവലിക്കണമെന്നാവശ്യപ്പെട്ട് സമാധാനപരമായി പ്രതിഷേധം നടത്തുന്നവരെ കള്ളക്കേസിൽ കുടുക്കുകയും അവരെ ആക്രമിക്കുകയുമാണ് എസ്.എഫ്.ഐയും സംസ്ഥാന പൊലീസും ചെയ്യുന്നതെന്ന് കമ്മീഷൻ സെക്രട്ടറി ആരോപിച്ചു. മതവിദ്വേഷവും നിരീശ്വരവാദവും വളർത്തുന്ന വിവാദ പാഠപുസ്തകം പിൻവലിക്കാത്തത് വിദ്യാഭ്യാസ മന്ത്രിയുടെ ധാർഷ്ട്യം മൂലമാണ്. നിരീശ്വരമനോഭാവങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും മതവിദ്വേഷം വളർത്തുന്നതുമായ വിവാദപാഠപുസ്തകം പിൻവലിക്കാൻ സർക്കാർ തയ്യാറാവണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

**കെ.സി.ബി.സി കമ്മീഷൻ സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്**

നിങ്ങളുടെ കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന പ്രധാന വാർത്തകൾ ജാഗ്രതാ ന്യൂസിൽ പ്രസിദ്ധീകരിക്കുന്നതാണ്. ദയവായി നിങ്ങളുടെ കമ്മീഷനെ സംബന്ധിക്കുന്ന വാർത്തകൾ ഐക്യ-ജാഗ്രതാ കമ്മീഷന്റെ ഓഫീസിൽ എത്തിക്കുക. Address:- Secretary, K.C.B.C, Social Harmony & Vigilance, P.O.C Palarivattom, Kochi,25 , E-mail - kcbcshv@gmail.com,kcbcsocialharmony@gmail.com,kcbcharmony@gmail.com